**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 881** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളുടെ തുക വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികളുടെ തുക കാലോചിതമായി വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെയും സ്കോളർഷിപ്പ് പദ്ധതികളുടെയും തുകകൾ കാലാനുസൃതമായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം I** ആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള വിവിധ പദ്ധതികളുടെ തുക കാലോചിതമായി വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം **അനുബന്ധം II** ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികളുടെയും സ്കോളർഷിപ്പ് പദ്ധതികളുടെയും തുകകൾ കാലാനുസൃതമായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധം I** ആയി ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള വിവിധ പദ്ധതികളുടെ തുക കാലോചിതമായി വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം **അനുബന്ധം II** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

**ക്ഷേമപദ്ധതികൾ**

**1.** ദുർബലവിഭാഗ പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസത്തിനായുള്ള പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള വിവിധ പദ്ധതികളുടെ തുകകൾ സ.ഉ (കൈ) നം 58/2022/പജപവവിവ തീയതി 30.12.2022 ഉത്തരവ് പ്രകാരം കാലാനുസൃതമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതിയിലേക്ക് പരിഗണിക്കുന്ന ദുർബല വിഭാഗങ്ങളുടെ കുടുംബ വാർഷിക വരുമാനം 50,000/- (അൻപതിനായിരം രൂപ) രൂപയിൽ നിന്നും 1,00,000/- (ഒരു ലക്ഷം രൂപ) രൂപയായി ഉയർത്തിയിട്ടുണ്ട്.

വീടിന്റെ അറ്റകുറ്റപണികൾക്ക് (വ്യക്തിഗതം) അനുവദിച്ച് വരുന്ന ധനസഹായ തുക 1,50,000/- ൽ നിന്നും 2,50,000/- രൂപയായി ഉയർത്തിയിട്ടുണ്ട്.

100% സബ്സിഡിയോടെ, വ്യക്തിഗത സ്വയം തൊഴിൽ സംരംഭകർക്ക് പരമാവധി 3,00,000/- (മൂന്ന് ലക്ഷം രൂപ) രൂപയും, ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭകർക്ക് പരമാവധി 5,00,000/- (അഞ്ച് ലക്ഷം രൂപ) രൂപയും സ്വയം തൊഴിൽ സംരംഭത്തിനായി അനുവദിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ നിലവിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിനായി 5,00,000/- രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 3 സെന്റ് ഭൂമിക്ക് 6,00,000/- രൂപയും, കോർപറേഷൻ പരിധിയിൽ 3 സെന്റ് ഭൂമിക്ക് 7,50,000/- രൂപയുമായി ധനസഹായ തുക വർധിപ്പിച്ചിട്ടുണ്ട്.

2. SAFE പദ്ധതി

പ്രസ്തുത പദ്ധതിയിൽ പട്ടികജാതി വിഭാഗങ്ങളുടെ ഭവനപൂർത്തീകരണത്തിനും പുനരുദ്ധാരണത്തിനും നൽകി വന്നിരുന്ന ധനസഹായം 1.5 ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

3. വിവാഹ ധനസഹായം

പട്ടികജാതിവിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹത്തിന് നൽകുന്ന ധനസഹായം 75,000/- രൂപയിൽ നിന്ന് 1,00,000/- രൂപയാക്കി വർധിപ്പിച്ചിട്ടുണ്ട് .

4. ചികിത്സാധനസഹായ പദ്ധതി

പട്ടികജാതിവിഭാഗത്തിൽപ്പെട്ട രോഗികൾക്ക് നിലവിൽ ചികിത്സാധനസഹായമായി 50,000/- രൂപ വരെ അപേക്ഷകന് നേരിട്ടും മാരകരോഗം ബാധിച്ചവർക്ക് 1,00,000/- രൂപ വരെ ആശുപത്രി മുഖേനയും നൽകുന്നു.

5.ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായ പദ്ധതി

ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് 2,00,000/- (രണ്ടു ലക്ഷം രൂപ) രൂപ ധനസഹായം അനുവദിച്ചുവരുന്നു.

6.അംബേദ്കർ ഗ്രാമ വികസന പദ്ധതി

പ്രസ്തുത പദ്ധതി പ്രകാരം ഓരോ നിയോജക മണ്ഡലത്തിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും, ഇരുപത്തി അഞ്ചോ അതിലധികമോ പട്ടികജാതി

കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ ഗ്രാമങ്ങളെ തെരെഞ്ഞെടുത്ത് ഓരോ ഗ്രാമങ്ങളിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

### 1. ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി

പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കായുള്ള പ്രസ്തുത പദ്ധതിയിൽ വർഷാവർഷം സർക്കാർ അംഗീകൃത ഫീസുകളാണ് അനുവദിച്ചു വരുന്നത്. പ്രസ്തുത പദ്ധതിയിൽ അനുവദിക്കുന്ന സെൻട്രൽ അക്കാഡമിക് അലവൻസുകൾ കേന്ദ്ര സർക്കാർ കോഴ്സ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ നിശ്ചയിച്ച നിരക്കുകൾ പ്രകാരമാണ് അനുവദിക്കുന്നത് . ഡേ സ്കോളർ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ സ്റ്റേറ്റ് അക്കാഡമിക് അലവൻസ് ഏകീകരിച്ചിട്ടുണ്ട് . ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ നിലവിൽ അനുവദിക്കുന്ന പ്രതിമാസ ഹോസ്റ്റൽ ഫീസുകൾ വർദ്ധിപ്പിക്കുന്നത് പരിശോധിച്ച് വരുന്നു .

### 2. പ്രീ മെട്രിക് സ്കോളർഷിപ്പ്

പട്ടികജാതി വിഭാഗത്തിൽപെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയിലെ ലംപ്സംഗ്രാന്റ് , എഡ്യൂക്കേഷൻ എയ്ഡ്, സ്റ്റൈപ്പെന്റ് എന്നിവ കാലോചിതമായി വർദ്ധിപ്പിക്കുന്നത് പരിശോധിച്ച് വരുന്നു .

### 3. ശ്രീ.അയ്യങ്കാളി ടാലെന്റ് സ്കോളർഷിപ്പ്

01.06.2024 തീയതിയിലെ G.O(Ms)No.11/2024/SCSTD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രതിവർഷം 4,000/-രൂപയായിരുന്ന സ്കോളർഷിപ്പ് തുക 5 മുതൽ 7 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പ്രതി വർഷം 5,000/- രൂപ ആയും 8 മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പ്രതി വർഷം 5,500/-രൂപ ആയും വർദ്ധിപ്പിച്ചിട്ടുണ്ട് .

### 4. സ്പെഷ്യൽ ഇൻസന്റീവ് പദ്ധതി

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് 16.12.2022 തീയതിയിലെ G.O(Rt)No.1292/2022/SCSTD നമ്പർ ഉത്തരവ് പ്രകാരമുള്ള സ്കോളർഷിപ്പ് നിരക്കുകൾ നിലവിൽ അനുവദിച്ചു വരുന്നു.

## അനുബന്ധം II

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള വിവിധ പദ്ധതികളുടെ തുക കാലോചിതമായി വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

- സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള പ്രതിമാസ ധനസഹായം 2,500/- (രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയിൽ നിന്നും 3,500/- (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയായി വർദ്ധിപ്പിക്കുന്നത് പരിശോധിച്ച് വരുന്നു .
- സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന ധനസഹായം വർദ്ധിപ്പിക്കുന്നത് പരിശോധിച്ച് വരുന്നു .
- സർക്കാർ / എയ്ഡഡ് / സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ Actual Boarding & Lodging Charges (ABLC) തുക വർദ്ധിപ്പിക്കുന്നത് പരിശോധിച്ച് വരുന്നു.
- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മെഡിക്കൽ / എഞ്ചിനീയറിംഗ് പ്രാരംഭ ചെലവുകൾക്ക് അനുവദിച്ചു വരുന്ന ധനസഹായ തുക വർദ്ധിപ്പിക്കുന്നത് പരിശോധിച്ച് വരുന്നു .
- പ്രീമെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട് .
- സംസ്ഥാന സർക്കാരിന്റെ പ്രീമെട്രിക് സ്കോളർഷിപ്പ് ആനുകൂല്യങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ലെങ്കിലും പ്രീമെട്രിക് സ്കോളർഷിപ്പ് കാലോചിതമായി പരിഷ്കരിക്കുന്നതിനായി മാനദണ്ഡങ്ങൾ പരിഷ്കരിച്ച്കൊണ്ട് ഉത്തരവായിട്ടുണ്ട് .
- വിവാഹധനസഹായം:- 24/09/2022 തീയതിയിലെ സ.ഉ.(കൈ)നം.46/2022/പജ.പവ.വിവ പ്രകാരം വിവാഹ ധനസഹായം 1 ലക്ഷം രൂപയും, അനാഥരായവർക്ക് 1.5 ലക്ഷം രൂപയായും ധനസഹായം വർധിപ്പിച്ചിട്ടുണ്ട് .
- മിശ്രവിവാഹധനസഹായം:- 08/02/2021 തീയതിയിലെ സ.ഉ (കൈ)നം.17/2021/പജ.പവ.വിവ പ്രകാരം മിശ്ര വിവാഹ ധനസഹായം 75,000 (എഴുപത്തി അയ്യായിരം രൂപ മാത്രം) രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് .

പട്ടികവർഗ വികസന വകുപ്പിന്റെ മറ്റു പദ്ധതികൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി യഥാസമയം സ്വീകരിച്ചു വരുന്നുണ്ട് .